LIBRARY ARCHIVES Kerala Legislative Assembly

മാരകരോഗം

1. 30-3-2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 75,00-രൂപയോ നൽകി വരുന്നു.

2. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പാ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കാലാകാലങ്ങളിൽ ടി മാനദണ്ഡങ്ങൾ പരിഷ്കരിച്ചുവരുന്നുണ്ട്.

(സി) കോവിഡ് പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധിയിലാവുകയും ആറ് മാസത്തിലധികം കൂടിശ്ശിക വരുത്തുകയും ചെയ്തവർ മരണപ്പെടുന്ന സാഹചര്യത്തിൽ ഇളവുകളോടെ റിസ്ക് ഫണ്ടിൽ നിന്ന് തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

റിസ്ക് ഫണ്ട് പദ്ധതിയിലെ വ്യവസ്ഥയും സാഹചര്യങ്ങളും പരിഗണിച്ച് തീരുമാനം എടുക്കുന്നതാണ്.

മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ നിയമനം

351 (736) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലാസഹകരണ ബാങ്കിൽ നിന്നും 2019 ഡിസംബർ മുതൽ നാളിതുവരെ എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ട്; ഇതിൽ എത്ര ഒഴിവുകളിൽ പകരം നിയമനം നടത്തിയിട്ടുണ്ട്; ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ 2019 ഡിസംബർ മുതൽ നാളിതുവരെ വിവിധ തസ്തികകളിൽ നിന്നായി 42 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. റിട്ടയർമെന്റിലൂടെ ഉണ്ടായിട്ടുള്ള ഒഴിവുകൾ എല്ലാം പ്രൊമോഷൻ വഴി നികത്തുവാൻ ഉള്ളവയാണ്. ബാങ്ക് ഭരണസമിതി ഈ കാലയളവിൽ പ്രൊമോഷനുകൾ ഒന്നുംതന്നെ നടത്തിയിട്ടില്ല. പ്രൊമോഷൻ വഴി നികത്തുവാൻ ഉള്ള ഒഴിവുകൾ നികത്തുന്നത് വഴി മാത്രമേ ബാങ്കിൽ പുതിയ ഒഴിവുകൾ ഉണ്ടാകുകയുള്ളൂ. പ്രൊമോഷൻ നടത്തിയശേഷം ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് പി.എസ്.സി. വഴി നികത്തുവാനുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ശാഖാ മാനേജർ തസ്തികയിൽ പി.എസ്.സി.-ക്ക് മുമ്പ് റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവിൽ ഒരാളെയും പൂർണ തസ്തികയിൽ ആശ്രിത നിയമനം വഴി ഒരാളെയും ഈ കാലയളവിൽ ബാങ്കിൽ നിയമിച്ചിട്ടുണ്ട്.